# പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 622 29.06.2011-ൽ മറുപടിക്ക്

## വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളായ കുളിമാട്,പുളക്കടവ് എന്നിവിടങ്ങളിൽ പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.എ. പ്രദീപ്കുമാർ | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കോഴിക്കോട് ജില്ലയിൽ വാട്ടർ അതോറിറ്റിയുടെ പമ്പിംഗ് സ്റ്റേഷനുകളായ കുളിമാട്, പുളക്കടവ് എന്നിവിടങ്ങളിൽ പുതിയ മോട്ടോറുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉദ്ദേശിക്കുന്നുണ്ട്. |
| (ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ ? | (ബി) കോഴിക്കോട് കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പുളക്കടവ്, മുഴിക്കൽ പമ്പ് ഹൗസുകളിൽ പഴയ പമ്പ് സെറ്റ് മാറ്റി സ്ഥാപിയ്ക്കുവാൻ വരൾച്ച ദുരിതാശ്വാസ പദ്ധതിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പ്രൊപ്പോസലുകൾ ഉത്തരമേഖലാ ചീഫ്എഞ്ചിനീയറുടെ നടപടി സ്വീകരിച്ചു വരുന്നു.<br>1) മുഴിക്കൽ 2.25 എം.എൽ.ഡി ജല ശുദ്ധീകരണശാലയിലെ 30 എച്ച്.പി.വി.ടി പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കാൻ -4.50 ലക്ഷം രൂപ<br>2) മുഴിക്കൽ 4.50 എം.എൽ.ഡി ശുദ്ധീകരണശാലയിലെ 30 എച്ച്. പി.വി.ടി പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കൽ - 4.50 ലക്ഷം രൂപ<br>3) പുളക്കടവ് 100 എച്ച്. പി. സെൻട്രി ഫ്യൂജൽ ക്ലിയർ വാട്ടർ പമ്പ് സെറ്റ് മാറ്റി സ്ഥാപിക്കൽ - 6.00 ലക്ഷം രൂപ<br>കൂടാതെ ജിക്ക സഹായത്തോടെ കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കുന്ന |

വാട്ടർ സപ്ലൈ പ്രോജക്ടിന്റെ പാക്കേജ് -V-ൽ ഉൾപ്പെടുത്തി കുളിമാട് പമ്പിംഗ് സ്റ്റേഷനിലെ മോട്ടോറുകൾ മാറ്റി സ്ഥാപി- യ്ക്കാൻ ഉദ്ദേശിക്കുന്നുണ്ട്. കുളിമാട് പമ്പുഹൗസിലെയും കുറ്റിക്കാട്ടൂർ പമ്പു- ഹൗസിലെയും പമ്പുസെറ്റുകളും അവയുടെ അനുബന്ധ ഉപകരണങ്ങളും മാറ്റി പുതിയവ സ്ഥാപിക്കുന്ന പ്രവൃത്തികൾ ഉൾപ്പെടെയുള്ള കോഴിക്കോട് പദ്ധതിയുടെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് എസ്റ്റിമേറ്റ് തയ്യാറാ- യിട്ടുണ്ട്. ജപ്പാൻ കുടിവെള്ള പദ്ധതിയിലെ റിഹാബിലിറ്റേഷൻ പാക്കേജിലെ ജോലികൾ ഉൾപ്പെടെ ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ